മുദ്രപ്പത്രങ്ങളുടെ ലഭ്യത

57 [994] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുദ്രപ്പത്രങ്ങളുടെ ക്ഷാമംമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) പഴയ മുദ്രപ്പത്രങ്ങൾ വിവിധ ഡിപ്പോകളിലായി കെട്ടിക്കിടക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് എത്ര തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പുതുതായി മുദ്രപ്പത്രത്തിന് ഓർഡർ നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) മുദ്രപ്പത്രങ്ങൾ എന്നുമുതൽ ആവശ്യാനുസരണം ലഭ്യമാക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിനായി പ്രചാരത്തിൽ ഇല്ലാത്തതും സ്റ്റാമ്പ് ഡിപ്പോകളിൽ സ്റ്റോക്കുള്ളതുമായ 15 പൈസ മുതൽ 3.50 രൂപ വരെയുള്ള വിവിധയിനം മുദ്രപ്പത്രങ്ങളെ 10 രൂപ, 20 രൂപ, 50 രൂപ, 100 രൂപ എന്നീ മൂല്യങ്ങളിലേക്ക് പുനർമൂല്യനിർണ്ണയം നടത്തി ഇപ്പോൾ വില്പന നടത്തിവരുന്നു. പുതിയ മുദ്രപ്പത്രങ്ങൾ വാങ്ങുന്നതിനായി ഇൻഡന്റ് നൽകിക്കഴിഞ്ഞു.

(സി) ഉണ്ട്.

(ഡി) 15 പൈസ മുതൽ 3.50 രൂപ വരെയുള്ള 1,87,44,261.80 രൂപയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ഉണ്ട്.

(ഇ) ഉണ്ട്. പുതിയ നടപടിക്രമപ്രകാരം സംസ്ഥാനത്തിനാവശ്യമായ മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പിന്റെയും അച്ചടിക്കൂലിയുടെ 30% ഇവയുടെ ഇൻഡന്റ് നൽകുമ്പോൾത്തന്നെ മുൻകൂറായി നൽകേണ്ടതാണ്. സർക്കാർ ഈവിധം 30% തുക ഒടുക്കി ഇൻഡന്റ് നൽകിക്കഴിഞ്ഞു.

(എഫ്) ചെറിയ ഇനം മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിനായി പ്രചാരത്തിലില്ലാത്ത 15 പൈസ മുതൽ 3.50 രൂപ വരെയുള്ള മുദ്രപ്പത്രങ്ങളെ പുനർമൂല്യനിർണ്ണയം നടത്തി ട്രഷറിയിലൂടെ വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ, ഹൈദ്രാബാദ്, നാസിക് എന്നീ സെക്യൂരിറ്റി പ്രസ്സുകളിൽനിന്നും ഇവ ലഭ്യമാകുന്നതോടെ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പൂർണ്ണമായി മാറുന്നതാണ്.

ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില

58 [995] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശമദ്യ വില്പന നടത്തിയ ഇനത്തിൽ ബിവറേജസ് കോർപ്പറേഷന് 2003-2004, 2004-2005 എന്നീ വർഷങ്ങളിലുണ്ടായ വരുമാനം എത്ര വീതമാണെന്ന് പറയാമോ;

(ബി) ബിവറേജസ് കോർപ്പറേഷൻ ഏതെല്ലാം ഡിസ്റ്റിലറികളിൽ നിന്നാണ് വിദേശമദ്യം വാങ്ങുന്നതെന്ന് പറയാമോ;

(സി) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് സർക്കാർ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇന്ത്യൻ നിർമ്മിത വിദേശമദ്യ വില്പനയിൽ ലഭിച്ച വരുമാനം താഴെപ്പറയും പ്രകാരമാണ്:

വർഷം	*വിറ്റുവരവ്*	*ലാഭം*
2003-2004	2071.32 (കോടി രൂപ)	9.69 (കോടി രൂപ)
2004-2005	2320.15 (കോടി രൂപ)	8.94 (കോടി രൂപ)

(ബി) മറുപടി അനുബന്ധം I-ൽ കൊടുത്തിട്ടുണ്ട്.†

(സി) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില വർദ്ധിപ്പിക്കുന്നത് സർക്കാരല്ല. ഗവൺമെന്റ് സെക്രട്ടറിമാർ ഉൾപ്പെടുന്ന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡാണ്. ഈ വില അംഗീകരിക്കുന്നത് മദ്യത്തിന്റെ വ്യാപാരസാദ്ധ്യതകൾ വിലയിരുത്തിയാണ്. 2003-2004 സാമ്പത്തികവർഷം മുതൽ മദ്യക്കമ്പനികൾക്കും സ്വതന്ത്രമായി വില നിശ്ചയിക്കാൻ അവസരം നൽകിത്തുടങ്ങി. വിലപേശലിനോ, അതിൽനിന്നും അവിഹിത ഇടപെടലിനോ ഉള്ള അവസരം ഒഴിവാക്കാനാണ് ഇത് ചെയ്യുന്നത്. ഈ സംവിധാനം 2004-2005-ലും 2005-2006-ലും തുടർന്നിട്ടുണ്ട്.

---

†അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly